**13-ാം കേരള നിയമസഭ**
**പത്താം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: 3953** — **31.01.2014-ൽ മറുപടിയ്ക്ക്**

**പൊതുമേഖലാ സ്ഥാപനങ്ങളുടെ ഭൂമി വ്യവസായേതര ആവശ്യങ്ങൾക്കു നൽകൽ**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. വി. ശിവൻകുട്ടി. | | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരമേറ്റതിനു ശേഷം പൊതുമേഖലാ സ്ഥാപനങ്ങളുടെ ഭൂമി വ്യവസായേതര ആവശ്യങ്ങൾക്കു നൽകിയിട്ടുണ്ടോ; | | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള താഴെ പറയുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ ഭൂമി വ്യവസായേതര ആവശ്യങ്ങൾക്കായി നൽകിയിട്ടുണ്ട്. |
| (ബി) എങ്കിൽ അതു സംബന്ധിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ ? | (എ) & (ബി) | 1. ഹാൻവീവിന്റെ നേമത്തുള്ള തിരുവനന്തപുരം റീജിയണൽ ഓഫീസ് കെട്ടിടം സ്ഥിതിചെയ്യുന്ന 983/3 റീസർവ്വെ നമ്പറിൽപ്പെട്ട 4.98 ആർ സ്ഥലം നാഷണൽ ഹൈവേക്ക് വേണ്ടി അക്വയർ ചെയ്തിട്ടുണ്ട്.<br>2. സിഡ്കോയുടെ ടെലകോം സിറ്റി പ്രോജക്ടിനായുള്ള കഴക്കൂട്ടം മേനംകുളത്തെ 28 ഏക്കർ സ്ഥലം 35-ാമത് നാഷണൽ ഗെയിംസിന്റെ നടത്തിപ്പിലേക്കായി നാഷണൽ ഗെയിംസ് സെക്രട്ടറിയേറ്റിന് 11 മാസത്തേക്ക് വാടക കരാറിൽ നൽകിയിട്ടുണ്ട്.<br>3. മലപ്പുറം ജില്ലയിൽ മലബാർ സിമന്റ്സിന്റെ 6.27 ഏക്കർ സ്ഥലത്തു നിന്നും 2 ഏക്കർ സ്ഥലം പൊതുമരാമത്ത് വകുപ്പിന് റോഡ് നിർമ്മാണപ്രവർത്തനവുമായി |

ബന്ധപ്പെട്ട ജോലികൾക്കായി ലൈസൻസ് ഫീ ഈടാക്കിക്കൊണ്ട് 10 മാസത്തേക്ക് നൽകിയിട്ടുണ്ട്.

- കേരള മിനറൽസ് & മെറ്റൽസ് ലിമിറ്റഡിന്റെ 50 സെന്റ് സ്ഥലം ഫയർ സ്റ്റേഷൻ സ്ഥാപിക്കുന്നതിനായും 10 ഏക്കർ സ്ഥലം മെഡിക്കൽ കോളേജ് സ്ഥാപിക്കുന്നതിനായും 10 സെന്റ് സ്ഥലം യുവജനക്ഷേമ വകുപ്പിന്റെ കീഴിൽ മൾട്ടി പർപ്പസ് സ്പോർട്സ് സ്പേസ് തുടങ്ങുന്നതിനായും നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.
- കോട്ടയം ജില്ലയിലെ കിടങ്ങൂർ വില്ലേജിൽ കേരള ഖാദിഗ്രാമ വ്യവസായ ബോർഡിന്റെ വക സ്ഥലത്തു നിന്ന് നടപ്പാതയ്ക്കായി ഒരു സെന്റിൽ താഴെയുള്ള സ്ഥലം പരിസരവാസിയായ ശ്രീമതി. പത്മകുമാരിയ്ക്ക് നൽകിയിട്ടുണ്ട്.
- പാലക്കാട് ജില്ലയിലെ ചിതലിയിൽ ഖാദി ബോർഡിന്റെ സിൽക്ക് നെയ്ത്ത് കേന്ദ്രത്തിനോട് ചേർന്ന് താമസിക്കുന്ന ശ്രീ.കെ.വേലായുധൻ എന്നയാൾക്ക് പകരം ഭൂമി സ്വീകരിച്ചുകൊണ്ട് നടപ്പാതയ്ക്കായി ഒരു സെന്റിൽ താഴെയുള്ള സ്ഥലം നൽകിയിട്ടുണ്ട്.

(signature)

**സെക്ഷൻ ഓഫീസർ**